# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **206** **11.06.2012 - ൽ മറുപടിക്ക്**

## ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കെ.എം. മാണി<br>(ധനകാര്യം നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) 26 വർഷങ്ങൾക്ക് മുൻപ് ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്ക് ഇതുവരെയും തീറാധാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ചാലക്കുടി ഭവന പദ്ധതിയിലെ അലോട്ടികൾക്ക് തീറാധാരം ഇതുവരെ നൽകിയിട്ടില്ല. എന്നാൽ സോപാധിക വിലയാധാരം നൽകിയിട്ടുണ്ട്. |
| (ബി) എൽ.എ.ആർ. കേസ്സുകൾ തീർപ്പായതിനുശേഷവും തീറാധാരം നൽകാത്ത സാഹചര്യത്തിൽ, ഇവർക്ക് ആധാരം എന്ന് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ബി) എൽ.എ.ആർ കേസുകൾ തീർപ്പായെങ്കിലും ഈ പദ്ധതിയ്ക്കുവേണ്ടി അക്വയർ ചെയ്ത പുറമ്പോക്കു ഭൂമി ഇതുവരെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പേരിൽ പതിച്ചു നൽകിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുടെ അന്തിമ വില തീർപ്പാക്കിയിട്ടില്ല. ടി സ്ഥലം ബോർഡിന്റെ പേരിൽ പതിച്ചു കിട്ടുന്നതിനും തുടർന്ന് വിലയാധാരം നൽകുന്നതിനുമുള്ള നടപടികൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**